നമ്പർ 1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺ ബാങ്കിനെ തെരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന ഇതുവരെ 380 അഗ്രികാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്:

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റ് സഹായങ്ങളും.
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)
- 7% പലിശ നിരക്കിൽ മദ്ധ്യകാല ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാരാണ് നൽകുന്നത്.

നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

175 (1550) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുത്ത് കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നെൽ കർഷകർക്കുണ്ടാക്കുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുവാനും ആയതിന്റെ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സിവിൽ സപ്ലൈസ്, കൃഷി എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു 'നെല്ല് സംഭരണ ഫണ്ട്' രൂപീകരിക്കുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുകയും കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിലുള്ള കാലതാമസം കണക്കിലെടുത്ത് ആയതിലേയ്ക്കായി ഒരു പുതിയ ഫണ്ട് രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കർഷകർക്ക് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്, നെൽവികസന പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണെന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(സി) അത്തരം അവഗണനയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷക ക്ഷേമ പെൻഷൻ

176 (1551) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് എത്രയാണ്; പ്രസ്തുത തുക അതത് മാസം തന്നെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷക ക്ഷേമ പെൻഷൻ തുക ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രതിവർഷം എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ചെലവ് വരുന്നത്?

ഉത്തരം

(എ) നാളിതുവരെ പത്ത് മാസത്തെ (2015 ഏപ്രിൽ മുതൽ) പെൻഷൻ തുകയായ 198 കോടി രൂപ കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. അഡീഷണൽ ആതറൈസേഷൻ വഴി കുടിശ്ശിക തുക ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് 600 രൂപയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly